# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 30 — 09.06.2014-ൽ മറുപടിയ്ക്ക്

## മുന്നോക്കസമുദായ കമ്മീഷൻ രൂപീകരണം

| | ചോദ്യം<br>ശ്രീ. കെ. ശിവദാസൻ നായർ<br>,, കെ. മുരളീധരൻ<br>,, തേറമ്പിൽ രാമകൃഷ്ണൻ<br>,, വി.ഡി. സതീശൻ | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | മുന്നോക്ക സമുദായ കമ്മീഷൻ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ഉണ്ട്. 11.03.2013-ലെ ജി.ഒ. (എം.എസ്) 67/13/ പൊഭവ നമ്പർ ഉത്തരവ് മുഖേന കേരള സംസ്ഥാന മുന്നോക്ക സമുദായ കമ്മീഷൻ എന്ന പേരിൽ ഒരു സ്ഥിരം സ്റ്റാറ്റ്യൂട്ടറി കമ്മീഷൻ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | പ്രസ്തുത കമ്മീഷന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | (ബി) യും (സി) യും | കമ്മീഷന്റെ പ്രവർത്തന പരിധിയിൽ ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.<br>◆ മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ പ്രശ്നങ്ങൾ പഠിക്കുകയും അപഗ്രഥിക്കുകയും ക്ഷേമകാര്യങ്ങൾ ശുപാർശ ചെയ്യുകയും ചെയ്യുക.<br>◆ കേരള സംസ്ഥാനത്തിലെ മുന്നോക്ക സമുദായങ്ങളെ കണ്ടെത്തി ഒരു ലിസ്റ്റ് തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുക.<br>◆ മുന്നോക്ക വിഭാഗമായി ഉൾപ്പെടുത്താനുള്ള ഏതെങ്കിലും വിഭാഗം പൗരന്മാരുടെ അഭ്യർത്ഥനകൾ പരിശോധിക്കുകയും ഇത് സംബന്ധിച്ച പരാതികൾ കേൾക്കുകയും ഉചിതമെന്ന് തോന്നുന്ന ഉപദേശം സർക്കാരിന് നൽകുകയും ചെയ്യുക.<br>◆ മുന്നോക്ക വിഭാഗങ്ങളുടെ സാമൂഹിക – സാമ്പത്തിക വികസനത്തിനുള്ള ആസൂത്രണ നടപടികളിൽ പങ്കെടുക്കുകയും ഉപദേശിക്കുകയും സംസ്ഥാനത്ത് അവരുടെ വികസനത്തിനുണ്ടായ പുരോഗതി വിലയിരുത്തുകയും ചെയ്യുക.<br>◆ മുന്നോക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനും സാമൂഹിക – സാമ്പത്തിക പുരോഗതിക്കും ആവശ്യമായ വ്യവസ്ഥകളും മറ്റ് നടപടികളും ഫലവത്തായി നടപ്പാക്കുന്നതിനു വേണ്ടി സർക്കാർ കൈക്കൊള്ളേണ്ടതായ നടപടികളെ സംബന്ധിച്ച് ശുപാർശകൾ |
| (സി) | മുന്നോക്ക സമുദായങ്ങളുടെ ക്ഷേമത്തിനായി എന്തെല്ലാം കാര്യങ്ങളാണ് കമ്മീഷന്റെ പ്രവർത്തന പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; | | |

| | | | |
|---|---|---|---|
| | | | നൽകുകയും വാർഷികമായോ കമ്മീഷന് യുക്തമെന്ന് കരുതുന്ന സമയത്തോ സർക്കാരിന് റിപ്പോർട്ട് നൽകുകയും ചെയ്യുക.<br>◆ മുന്നോക്ക വിഭാഗങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പുരോഗതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് പഠനം, ഗവേഷണം, വിശകലനം എന്നിവ നടത്തുക.<br>◆ മുന്നോക്ക വിഭാഗങ്ങളെ സംബന്ധിച്ച് സർക്കാർ സ്വീകരിക്കേണ്ട അനുയോജ്യമായ നടപടികൾ നിർദ്ദേശിക്കുക.<br>◆ മുന്നോക്ക വിഭാഗങ്ങളെ സംബന്ധിക്കുന്ന ഏതെങ്കിലും കാര്യങ്ങളെ സംബന്ധിച്ചും അവർ അഭിമുഖീകരിക്കുന്ന വൈഷമ്യങ്ങളെ സംബന്ധിച്ചും സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുക.<br>◆ മുന്നോക്ക വിഭാഗങ്ങളുടെ സംരക്ഷണവും ക്ഷേമവും വികസനവും ഉന്നമനവുമായി ബന്ധപ്പെട്ട് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ചുമതലകൾ, മുന്നോക്ക സമുദായവുമായി ബന്ധപ്പെട്ട് സർക്കാർ ഏൽപ്പിച്ചു കൊടുക്കുന്ന മറ്റു കാര്യങ്ങൾ എന്നിവ നിർവ്വഹിക്കുക.<br>◆ സംസ്ഥാനത്ത് താമസിക്കുന്ന മുന്നോക്ക വിഭാഗത്തിൽപ്പെടുന്നവർക്ക് സംസ്ഥാന സർക്കാർ നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും ഫാറത്തിലും മുന്നോക്ക സമുദായ സർട്ടിഫിക്കറ്റ് നൽകാനും കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട് |
| (ഡി) | ആയതിനുവേണ്ടിയുള്ള നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ? | (ഡി) | 2013-ലെ മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ പതിമൂന്നാം കേരള നിയമസഭയിൽ ബിൽ നമ്പർ. 254 ആയി പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ